(സി) റിപ്പോർട്ടുകൾ ഒന്നും സർക്കാരിന് നൽകിയിട്ടില്ല.

(ഡി&ഇ) വിഷയം ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെട്ടിട്ടുണ്ട്.

വ്യാജമദ്യ നിർമ്മാണത്തിന് കൂട്ടുനിന്നവർ

125 (126) ശ്രീ. പി. കെ. അബ്ദുറബ്ബ് :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യരാജാക്കന്മാർക്ക് സ്പിരിറ്റ് കള്ളക്കടത്തിനും വ്യാജമദ്യം നിർമ്മിച്ചു വ്യാപാരം നടത്തുന്നതിനും കൂട്ടുനിന്നതിന് പ്രതിഫലം പറ്റിയതിന് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് എടുത്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ; അവർ ആരെല്ലാം ;

(സി) സസ്പെൻസ് ചെയ്ത ആരെയെങ്കിലും തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

റോസമ്മയും രണ്ടു മക്കളും വധിക്കപ്പെട്ട സംഭവം

126 (127) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽപ്പെട്ട മാനന്തവാടിക്കടുത്ത് കുഴിനിലം എന്ന സ്ഥലത്ത് പീറ്റുപറമ്പിൽ ജോസിന്റെ ഭാര്യ റോസമ്മയും രണ്ടു മക്കളും വധിക്കപ്പെട്ട സംഭവത്തിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനകം എത്ര സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കേസ് ചാർജ്ജുചെയ്തു കഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതുവരെയായി ഏതൊക്കെ ഏജൻസികളാണ് കേസ് അന്വേഷണം നടത്തിയിരുന്നത് ;

(ഇ) ഇതുവരെയായി പ്രതികളെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ കേസ് സി.ബി.ഐ. യെ ഏൽപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly